# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ജൂലൈ 25**

---

**ഫ്രഞ്ച്, മലേഷ്യൻ സർവകലാശാലകളുമായി ധാരണ**

# എം.ജി സർവകലാശാലയിൽ ഇന്റർനാഷണൽ സെൻറർ ഫോർ ഏഷ്യൻ മോഡേണൈസേഷൻ തുടങ്ങും

*ഏഷ്യയിൽ വിവിധ മേഖലകളിൽ സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള വിശദമായ സാമൂഹിക ശാസ്ത്ര പഠനവും ഗവേഷണവും ലക്ഷ്യമിട്ട് മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഇന്റർനാഷണൽ സെന്റർ ഫോർ ഏഷ്യൻ മോഡേണൈസേഷൻ(ഐക്യാപ്) സ്ഥാപിക്കും. ഫ്രാൻസിലെ ടൂലൂസ് ജീൻ ജോറെസ് സർവകലാശാല, മലേഷ്യയിലെ ടെയ്‌ലേഴ്സ് സർവകലാശാല എന്നിവയുടെ സഹകരണത്തോടെയാണ് ഈ കേന്ദ്രം പ്രവർത്തിക്കുക.*

*എം.ജി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ മറ്റു സർവകലാശാലകളുടെ പ്രതിനിധികളുമായി മലേഷ്യയിൽ നടത്തിയ ചർച്ചകളിലാണ് ഇതു സംബന്ധിച്ച് ധാരണയായത്. സെപ്റ്റംബർ 24ന് എം.ജി സർവകലാശാലയിൽ നടക്കുന്ന ചടങ്ങിൽ ധാരണാപത്രം ഒപ്പുവയ്ക്കും. ഇതോടനുബന്ധിച്ച് ഏഷ്യൻ മോഡേണൈസേഷനെക്കുറിച്ചുള്ള ദ്വിദിന സിമ്പോസിയവും നടക്കുമെന്ന് ഡോ. അരവിന്ദകുമാർ അറിയിച്ചു.*

*എം.ജി സർവകലാശാലയിലേതുപോലെ തന്നെ മറ്റു ര ു സർവകലാശാലകളിലും ഐക്യാപ് പ്രവർത്തനമാരംഭിക്കും. ഏഷ്യൻ രാജ്യങ്ങളുടെ സാമ്പത്തിക- സാമൂഹിക മാറ്റങ്ങൾ, കുടുംബ ഘടന, ജനസംഖ്യ, ടൂറിസം, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഫുഡ് സയൻസ് തുടങ്ങിയവയിൽ കേന്ദ്രീകരിച്ചുള്ള പഠന, ഗവേഷണ പ്രവർത്തനങ്ങൾക്കാണ് മുൻഗണന. സംയുക്ത സമ്മേളനങ്ങൾ, അധ്യാപകരുടെയും വിദ്യാർഥികളുടെയും കൈമാറ്റം എന്നിവയും സഹകരണത്തിന്റെ ഭാഗമാണ്.*

***(പി.ആർ.ഒ/39/1862/2025)***

## വിശ്വേശ്വരയ്യ പിഎച്ച്ഡി പദ്ധതി; അപേക്ഷ ക്ഷണിച്ചു

*കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ വിശ്വേശ്വരയ്യ പി.എച്ച്.ഡി പദ്ധതിയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനും ഫുൾ ടൈം, പാർട്ട് ടൈം പിഎച്ച്ഡിക്കും മഹാത്മാ ഗാന്ധി സർവകലാശാല അപേക്ഷ ക്ഷണിച്ചു. സെൽഫ് പവേഡ് സെൻസറുകൾക്കായുള്ള സെല്ലുലോസ് അധിഷ്ഠിത ഊർജ്ജോത്പാദന സംവിധാനത്തെക്കുറിച്ചുള്ള പഠനത്തിനാണ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. ഒരു ഒഴിവാണുള്ളത്.*

*ബയോ മെഡിക്കൽ മേഖലയിലെ ഉപയോഗത്തിനുള്ള നൂതന സാമഗ്രികളെക്കുറിച്ചു പഠനം നടത്തുന്ന ഫുൾടൈം പിഎച്ച്ഡിക്ക് ര ് ഒഴിവുകളും ഊർജ്ജ, ആരോഗ്യ മേഖലകളിൽ ഉപയോഗയോഗ്യമായ ഫംഗ്ഷണൽ നാനോ മെറ്റീരിയലുകളെക്കുറിച്ച് പഠിക്കുന്നതിനുള്ള പാർട്ട് ടൈം പിഎച്ച്ഡിക്ക് ഒരു ഒഴിവുമാണുള്ളത്.*

*കൂടുതൽ വിവരങ്ങൾ* https://phd.dic.gov.in, https://research.mgu.ac.in *എന്നീ ലിങ്കുകളിൽ ലഭിക്കും. ഫോൺ-9446866088, ഇമെയിൽ-* nodalofficer.vs@mgu.ac.in

*(പി.ആർ.ഒ/39/1863/2025)*

## എം.ജി സർവകലാശാലയിൽ പിഎച്ച്.ഡി; ജൂലൈ 31 വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലും വിവിധ കേന്ദ്രങ്ങളിലും അഫിലിയേറ്റഡ് കോളജുകളിലും പിഎച്ച്ഡി പ്രോഗ്രാമിൽ (2025 ജൂലൈ സെഷൻ) പ്രവേശനത്തിന് ജൂലൈ 31 വരെ അപേക്ഷിക്കാം. യുജിസി-നെറ്റ് യോഗ്യതയുള്ളവർക്കാണ് അവസരം. വിശദ വിവരങ്ങൾ* https://research.mgu.ac.in *എന്ന ലിങ്കിൽ ലഭിക്കും. ഫോൺ- 0481 2733534, 2733585, 2733586, 2733588, 2733568, 2733336*

*(പി.ആർ.ഒ/39/1864/2025)*

## എംടെക് ; ഒഴിവുകളിലേക്ക് അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിലെ എംടെക് പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഏകജാലക സംവിധാനം വഴി അപേക്ഷിക്കാം. പോളിമെർ സയൻസ് ആന്റ് എൻജിനിയറിംഗ്(ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജി ഫോൺ-9744278352), നാനോസയൻസ് ആന്റ് നാനോ ടെക്നോളജി(സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി ഫോൺ-9496544407), എനർജി സയൻസ് ആന്റ് ടെക്നോളജി(സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്-7736997254) എന്നീ പ്രോഗ്രാമുകളിലാണ് ഒഴിവുകളുള്ളത്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും* cap.mgu.ac.in *സന്ദർശിക്കുക.*

*(പി.ആർ.ഒ/39/1865/2025)*

## സ്പോട്ട് അഡ്മിഷൻ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസിൽ എംഎസ്സി ബയോകെമിസ്ട്രി, ബയോഫിസിക്സ് പ്രോഗ്രാമുകളിൽ എസ്.സി വിഭാഗത്തിനായി സംവരണം ചെയ്ത ഓരോ സീറ്റുകൾ ഒഴിവു ്. യോഗ്യതയുള്ള വിദ്യാർഥികൾ അസ്സൽ രേഖകളുമായി ജൂലൈ 28ന് രാവിലെ 11ന് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ-9645414812.*

*(പി.ആർ.ഒ/39/1866/2025)*

## വൈവ വോസി

*പത്താം സെമസ്റ്റർ ബി.ആർക് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ജൂൺ 2025) തീസിസ് മൂല്യനിർണയം, വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് ആറു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1867/2025)*

## പ്രാക്ടിക്കൽ

*ര ാം സെമസ്റ്റർ എംഎസ്സി മാത്തമാറ്റിക്സ് (സിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 28 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

....................

*ര ാം സെമസ്റ്റർ എംഎ (സിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ മ്യൂസിക് ( മൃദംഗം), കഥകളി വേഷം പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

............................

*ര ാം സെമസ്റ്റർ എംഎ ആനിമേഷൻ, എംഎ ഗ്രാഫിക് ഡിസൈൻ, എംഎ സിനിമ ആന്റ് ടെലിവിഷൻ, എംഎ പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം ( സിഎസ്എസ്- 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 29, 31 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്*

*സൈറ്റിൽ.*

*................*

*ര ാം സെമസ്റ്റർ എംഎസ്സി അപ്ലൈഡ് ഇലക്ട്രോണിക്സ് (സിഎസ്എസ്-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30ന് ഇടപ്പള്ളി സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*...................*

*ര ാം സെമസ്റ്റർ എംഎച്ച്എം (സിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും റീ അപ്പിയറൻസും മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 28 മുതൽ സൂര്യനെല്ലി മൗ ് റോയൽ കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1868/2025)*

## പരീക്ഷാഫലം

*നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ ഹിസ്റ്റോറിക്കൽ സ്റ്റഡീസ് (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*.................................*

*നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി സൈക്കോളജി (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*.................................*

*നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ തമിഴ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*.................................*

*നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ പൊളിറ്റിക്കൽ സയൻസ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്*

*ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..................................

*നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ പൊളിറ്റിക്കൽ സയൻസ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

................................

*ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ(2024 അഡ്മിഷൻ റഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് നവംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

................................

*നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ സംസ്കൃതം സ്പെഷ്യൽ റിവൈസ്ഡ് /പ്രീ-റിവൈസ്ഡ് -സാഹിത്യ, ന്യായ, വേദാന്ത, വ്യാകരണ(2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം*

................................

*(പി.ആർ.ഒ/39/1869/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**